# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2875** 07.12.2018 -ലെ മറുപടി

## കേരളത്തിലെ നദികൾക്ക് സംഭവിച്ച ദിശ മാറ്റം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സി.ജോസഫ്**<br>**" ഹൈബി ഈഡൻ**<br>**" ഐ.സി.ബാലകൃഷ്ണൻ**<br>**" എ.പി.അനിൽകുമാർ** | **കെ.കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പ്രളയ സമയത്ത് സംസ്ഥാനത്തെ നദികൾക്ക് ദിശ മാറ്റം സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) നദീതീരങ്ങളെ സംരക്ഷിക്കാൻ നിലവിലെ രീതികൾ പര്യാപ്തമാണ് എന്ന് അഭിപ്രായമുണ്ടോ;<br><br>(സി) നിലവിലുള്ള നദീതീര സംരക്ഷണ ഭിത്തികൾ കാര്യക്ഷമമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നദി തീരങ്ങൾക്ക് ബയോഫെൻസിങ് ഉപയോഗിച്ച് സംരക്ഷണം നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) യും (സി) യും നദി തീരങ്ങൾ സംരക്ഷിക്കുന്നതിന് നിലവിൽ അനുവർത്തിച്ചു വരുന്ന മാർഗ്ഗങ്ങൾ സാധാരണ നിലയിൽ നീരൊഴുക്കുള്ള അവസരങ്ങളിൽ പര്യാപ്തമാണ്. എന്നാൽ, 2018 ആഗസ്റ്റിൽ കേരളത്തിലുണ്ടായ പ്രളയത്തിനു സമാനമായ അവസ്ഥ സംജാതമാവുക യാണെങ്കിൽ നദീതീര സംരക്ഷണത്തിന് നിലവിൽ സ്വീകരിച്ചു വരുന്ന സംരക്ഷണ ഭിത്തി പോലുള്ളവ ചിലപ്പോൾ മതിയാകാത്ത അവസ്ഥയുണ്ടാകാം. ബയോഫെൻസിങ് (മുള, ഈറ, പുൽവർഗങ്ങൾ വച്ച് |

സംരക്ഷണം നടത്തുന്നത് ചെറു നദികൾക്ക് അനുയോജ്യമാണ്. എന്നാൽ നദിയുടെ വീതി കൂടുകയും നീരൊഴുക്ക് വലിയ തോതിൽ ഉണ്ടാവുകയും ചെയ്താൽ ബയോഫെൻസിങ്ങ് കൊണ്ട് പൊതുവെ ചെറുക്കാൻ കഴിയില്ല. ഇത്തരം അവസ്ഥയിൽ കോമ്പസിറ്റ് സംരക്ഷണ (കരിങ്കൽഭിത്തിയും, ബയോഫെൻസിംഗും ചേർന്ന്) രീതി അനുയോജ്യമാണെന്ന് വിലയിരുത്തുന്നു. എന്നാൽ, ഇത് പരീക്ഷിച്ച നോക്കേണ്ട ഒന്നാണ്.

(ഡി) നദികളുടെ ദിശ മാറ്റം തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

(ഡി) നദികളുടെ ദിശമാറ്റം തടയാൻ പ്രധാനമായും വേണ്ടത് നീരൊഴുക്ക് സുഗമമാക്കുക എന്നതാണ്. ഇതോടൊപ്പം തീരങ്ങൾ സംരക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്. ബജറ്റ് വിഹിതം പ്രയോജനപ്പെടുത്തി ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**